# പതിനഞ്ചാം കേരള നിയമസഭ
# മൂന്നാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്
# 09-11-2021

## (23) ചോദ്യോത്തരവേളയുടെ അവസാനം ഉപചോദ്യങ്ങൾക്ക് അവസരം നൽകുന്നത് സംബന്ധിച്ച്

ചോദ്യോത്തരവേളയുടെ അവസാനം സഭയിൽ ഉപചോദ്യങ്ങൾ ചോദിക്കുവാൻ അവസരം നൽകുന്നതുമായി ബന്ധപ്പെട്ട ചില പരാമർശങ്ങൾ സഭയിൽ ഉയർന്നുവന്നിരുന്നു. കക്ഷി നേതാക്കൾ, മുതിർന്ന അംഗങ്ങൾ, മുൻ മന്ത്രിമാർ, പ്രതിപക്ഷനേതാവ്, വനിതകൾ, പുതിയ അംഗങ്ങൾ, ഇതുവരെ അവസരം ലഭിക്കാത്തവർ എന്നിവർക്കും ചോദ്യവുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പ്രത്യേക പരിഗണന നൽകിയാണ് ഉപചോദ്യങ്ങൾ അനുവദിക്കുന്നത്. ഭരണ-പ്രതിപക്ഷ പാർട്ടികളുടെ അംഗബലത്തിന് ആനുപാതികമായിട്ടല്ല ഉപചോദ്യങ്ങൾ അനുവദിച്ചിരിക്കുന്നത്. ചോദ്യോത്തരവേളയുടെ സമയം പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ദീർഘിപ്പിച്ചു നൽകിയെന്ന പരാമർശവുമായി ബന്ധപ്പെട്ട് മുൻകാല റൂളിംഗിന്റെ അടിസ്ഥാനത്തിൽ ചോദ്യോത്തരവേളയുടെ സമയക്രമീകരണത്തിലോ ഉപചോദ്യങ്ങൾ

അനുവദിക്കുന്നതിലോ ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായ ഒരു നടപടിയും ചെയറിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല.